കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി11-1034/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

ഇമെയിൽ – ddhglfalpy@gmail.com
തീയതി.05.08.2017

ഫോൺ – 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി11-1034/17 തീയതി. 05.08.2017

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.09.2016 മുതൽ 15.07.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.07.2017 മുതൽ<br>31.07.2017 വരെ | ശ്രീ.ആർ.രാജീവ്, ഓഡിറ്റ് ഓഫീസർ( ഹ.ഗ്രേ)<br>ശ്രീ. പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രഞ്ജു പ്രകാശ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. മെർളിൻ സുരേഷ് | 01.04.2016 മുതൽ 15.12.2016 വരെ |
| 2 | ശ്രീ.ഇ.ബി.ശശിധരൻ | 16.12.2016 മുതൽ 09.01.2017 വരെ |
| 3 | ശ്രീമതി.പത്മിനി.ഡി | 10.01.2017 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.ബി.എൻ.അംബീശൻ | 01.04.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.ഇ.ബി.ശശിധരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഗീതമ്മ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.ജെ.ജഗദീഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.ചന്ദ്രിക | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സ്വപ്ന.റ്റി.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ശ്രീമതി.യു.ആർ.രേവതി | 01.04.2016 മുതൽ 21.11.2016 വരെ |
| | ശ്രീ.മെൽവിൻ. ജെ ഗോൺസാൽസ് | 21.11.2016 മുതൽ 20.12.2016 വരെ |
| | ശ്രീമതി.അഖില ബി ജയചന്ദ്രൻ | 20.12.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ.ഹരിഹരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.റാണി ഭരതൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് .സൂപ്പർവൈസർ | ശ്രീമതി.രമ.ബി | 01.04.2016മുതൽ 31.05.2016 വരെ |
| | ശ്രീമതി.അപർണ്ണ.എ | 01.06.2016 മുതൽ 31.03.2017 വരെ |
| പ്രധാനാധ്യാപിക, എൽ.പി.എസ് | ശ്രീമതി.പത്മകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പ്രസീജ.ആർ | 01.04.2016 മുതൽ 01.12.2016 വരെ |
| | ശ്രീ.തോമസ്.ഡി ക്രൂസ് | 01.12.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, കടക്കരപ്പള്ളി | ശ്രീമതി.നിഷ.എ | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തങ്കി | ശ്രീമതി.ബിജുമോൾ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.പി.സിനിമോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ സാജൻ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |

| | | |
|---|---|---|
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി പരിശോധന |
| 3 | 2-2 | തൊഴിൽ നികുതി പരിശോധന |
| 4 | 2-3 | ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു |
| 5 | 2-4 | ഇ-ടെണ്ടർ- ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമാകാത്തത് സംബന്ധിച്ച് |
| 6 | 2-5 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല |
| ഭാഗം – 3 | | |
| 7 | 3-1 | നെൽകൃഷി വികസനം-സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് |
| 8 | 3-2 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 9 | 3-3 | ഭവന പുനരുദ്ധാരണം പദ്ധതി |
| 10 | 3-4 | തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 11 | 3-5 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| 12 | 3-6 | വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ട തുക ട്രഷറിയുടെ വീഴ്ച മൂലം ഒടുക്കാൻ സാധിക്കാത്തത് സംബന്ധിച്ച് |
| 13 | 3-7 | ഒന്നാം വാർഡിൽ ഓട നിർമാണം-ന്യൂനതകൾ സംബന്ധിച്ച്. |
| 14 | 3-8 | മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്യാത്തത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| ഭാഗം – 4 | | |
| 15 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 25.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് 05.01.2017-ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം 2016-17 വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 121675559 | 114289000 |
| വാർഷിക കണക്ക് പ്രകാരം | 45089878 | 41401192 |
| MGNREGS(EFMS) | 54711499 | 54711499 |
| DBT(Social Security Pension) | 17895155 | 17895155 |
| ആകെ | 117696532 | 114007846 |

MGNREGS(EFMS) -ന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക തെറ്റായതിനാൽ യഥാർത്ഥ തുകയാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവുകൾ യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നതാണെന്ന് കാണുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2016-17 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. | |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13472737 | 13326423 | 98.9 |
| വികസനഫണ്ട് എസ്.സി.പി. | 1728171 | 1082485 | 62.6 |
| വികസനഫണ്ട് ടി.എസ്.പി. | 15687 | 10387 | 66 |
| സംരക്ഷണഗ്രാന്റ് റോഡ് | 3891594 | 2165380 | 37 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3578859 | 2802698 | 48 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5827660 | 4131417 | 70.8 |
| പെർഫോമൻസ് ഗ്രാന്റ് | 4800820 | 1075077 | 22.4 |
| എം.ജി.എൻ.ആർ. ഇ. ജി.എസ്. | 56383235<br>(1607 മുന്നിരിപ്പുൾപ്പെടെ) | 56356000 | 99.9<br>(നീക്കിയിരിപ്പ്-27235) |
| ബി ഫണ്ട് | 17685155 | 17685155 | 100 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്- |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 117 | 40840623 | 88 | 26175273 | 0 | 29 | 75.21% |

## 1-5 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1876321 | 3436393 | (+)1560072 | 83.15 |
| നികുതിയേതര വരവുകൾ | 821015 | 713084 | (-)107931 | (-)13.15 |
| മറ്റ് വരവുകൾ | 254031 | 107272 | (-)146759 | (-)57.77 |
| ആകെ | 2951367 | 4256749 | 1305387 | (+)44.23 |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 703680 | 385 |
| കർഷകതൊഴിലാളി പെൻഷൻ | 2544650 | 257 |
| വിധവാപെൻഷൻ | 3335420 | 372 |
| വാർദ്ധക്യകാലപെൻഷൻ | 8456920 | 1757 |
| വികലാംഗപെൻഷൻ | 2755525 | 283 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |
| 50വയസ്സ കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 592640 | 63 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2017 3.00 പി.എം.ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9267/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.07.2017 | 01.06.2017 മുതൽ 30.06.2017 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.02.2017 | 2011-12 മുതൽ 2015-16 വരെ | 01.04.2017 |

## 1-9 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 45 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3612 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2310 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2260 |
| ആകെ തൊഴിൽ ദിനങ്ങൾ | 192500 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 1090. |

2.ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 1658 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1191 |
| തൻവർഷം പൂർത്തിയാക്കിയത് | 453 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 47 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 691 |

3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 122 | 137.05 |

| | | | |
|---|---|---|---|
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 5 | 4.84 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 89 | 67.94 |
| 4 | വരൾച്ചാ നിവാരണം | 15 | 8.62 |
| 5 | വ്യക്തിഗത ഭൂവികസനം | 203 | 225.98 |
| 6 | റോഡ് നിർമാണം | 2 | 5.08 |
| 7 | ടോയ് ലറ്റ് | 61 | 7.03 |
| 8 | മറ്റുള്ളവ | 3 | 6.08 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി പരിശോധന

2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ /സ്ഥാപനങ്ങളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കുന്നില്ലയെന്ന് കാണുന്നു.

| കെട്ടിട നം. | കെട്ടിടം/സ്ഥാപനത്തിന്റെ ഉടമയുടെ പേര് | ഉപയോഗം | കടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| VIII/131 | സെക്രട്ടറി, കണ്ടമംഗലം ക്ഷേത്രം | ഓഡിറ്റോറിയം | 2013-14 മുതൽ തുടരുന്നു | B.T-48960 L.C-2448 S.T-2448 |
| VIII/140 | | വിദ്യാഭ്യാസാവശ്യം | 2014-15 മുതൽ തുടരുന്നു | B.T- 7860 L.C-393 S.T-3933 |
| VIII/141 | | ഓഫീസ് | 2013-14 മുതൽ തുടരുന്നു | B.T-1470 L.C-76 S.T-76 |
| IV/376 | ഐഡിയ മൊബൈൽ കമ്മ്യൂണി ക്കേഷൻസ് ലിമി. | മൊബൈൽ ടവർ | 2009-10 മുതൽ തുടരുന്നു | B.T-55976 L.C-2799 S.T-2799 |
| XI/516 | വയർലസ് റ്റി.റ്റി. ഇൻഫോ സർവീസ് ലിമി. | | 2010-11 മുതൽ തുടരുന്നു | B.T-42880 L.C-2144 S.T-2144 |
| VI/24 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമി. | | 2010-11 മുതൽ | B.T-31833 L.C-1592 |

| | | | | |
|---|---|---|---|---|
| | | | തുടരുന്നു | S.T-1592 |

പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം നാളുകളായി കുടിശ്ശികയായി തുടരുന്നത് അഭികാമ്യമല്ല. ആയതിനാൽ, കുടിശ്ശിക തുക ഈടാക്കുവാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പരിശോധന

2016-17 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന C.B.S.E അഫിലിയേഷനുള്ള സ്കൂൾ മാനേജ്മെന്റ്, സ്കൂളുകളിലെ അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിലും അലവൻസിലും കുറയാത്ത തുക നൽകണമെന്ന് 2009 ലെ C.B.S.E അഫിലിയേഷൻ നിയമാവലിയിലെ റൂൾ 3.3(II) വ്യക്തമാക്കിയിട്ടുണ്ട്. (കേന്ദ്ര സർക്കാരിന്റെ 29.09.2009 ലെ സർക്കുലർ നം.1). എന്നാൽ, ഓഡിറ്റിൽ ഹാജരാക്കിയ അർദ്ധ വാർഷിക പത്രികകൾ പരിശോധിച്ചതിൽ, കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ രാജരാജേശ്വരി ഇംഗ്ലീഷ് മീഡിയം സ്കൂൾ, കണ്ടമംഗലം എന്ന C.B.S.E സ്കൂളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറഞ്ഞ നിരക്കിലാണ് (300/- രൂപ) ഈടാക്കിയിരിക്കുന്നത്.

കൂടാതെ ഡോക്ടർമാർ, റേഷൻ കടയുടമകൾ, കള്ളുഷാപ്പുടമകൾ എന്നീ വിഭാഗം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ, കുറഞ്ഞ നിരക്കിൽ നികുതി ഒടുക്കിയ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും കുറവ് വന്ന നികുതിയും ഡോക്ടർമാർ, റേഷൻ കടയുടമകൾ, കള്ളുഷാപ്പുടമകൾ വിഭാഗത്തിൽപ്പെട്ട വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവരിൽ നിന്നും കുടിശ്ശിക സഹിതവും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീയിനത്തിൽ വരവില്ല. 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ചട്ടം 3 ൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിന് മുൻപായി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. തുടർന്ന്, ടി അപേക്ഷ സെക്രട്ടറി പരിശോധിച്ച് രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 പ്രകാരമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം രേഖപ്പെടുത്തി കഴിഞ്ഞാൽ മാത്രമേ ആ സ്ഥാപനം രജിസ്റ്റർ ചെയ്തതായി കണക്കാക്കുകയുള്ളൂ. കൂടാതെ, രജിസ്റ്റർ ചെയ്യപ്പെട്ട് കഴിഞ്ഞാൽ സെക്രട്ടറി അപേക്ഷകന് ഫാറം 3ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ശ്രീവിദ്യ കോളേജ് (വാർഡ് നം. 5 ), യുണീക്ക് കോളേജ് (വാർഡ് നം. 6 ), ബ്രദേഴ്സ് കോളേജ് (വാർഡ് നം. 8 ), എന്നീ ട്യൂട്ടോറിയൽ കോളേജുകൾ പ്രവർത്തിക്കുന്നതായി ബോധ്യമായി. എന്നാൽ, ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ രജിസ്ട്രേഷൻ ഫീ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഈടാക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ- ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമാകാത്തത് സംബന്ധിച്ച്

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം മുതൽ കരാറുകാർ മുഖേന നിർവ്വഹണം ചെയ്യുന്ന പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവർത്തികളുടെ

ടെണ്ടർഫീസിനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ഐ.ഡി | പ്രവർത്തിയുടെ പേര് | ടെണ്ടർ ഫീസ് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | 2016-LSGD-97856-1 | ഒന്നാം വാർഡിൽ ഓടയ്ക്ക് സ്ലാബ് സ്ഥാപിക്കൽ | 1200 | 3 | 3600 |
| 2 | 2015-LSGD-45164-2 | ഒന്നാം വാർഡിൽ ഓട നിർമിക്കൽ (2015-16) | 2625 | 2 | 5250 |
| 3 | 2015-LSGD-45101-1 | കൊച്ചുവെളി വട്ടക്കര റോഡ് ടാറിംഗ് | 1260 | 2 | 2520 |
| 4 | 2015-LSGD-45048-1 | കുന്നേൽ കണ്ണമംഗലം റോഡ് മെറ്റലിംഗ് & ടാറിംഗ് | 1155 | 2 | 2310 |
| 5 | 2015-LSGD-45104-1 | കളത്തുമുറി വടപ്പറമ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് | 1365 | 1 | 1365 |
| | ആകെ | | | | 15045 |

പഞ്ചായത്തിന് അർഹതപ്പെട്ട ഈ തുക ഓഡിറ്റ് സമയം വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യപ്പെടാതെ അവശേഷിക്കുന്ന നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു.

| ക്രമ നം. | രസീത് നം/തീയതി | നിക്ഷേപകന്റെ പേര് | തുക | ഇനം |
|---|---|---|---|---|
| 1 | 88/52258/15.09.2011 | M/s അശ്വതി സ്പൺ പൈപ്പ്സ് അരൂർ | 8750 | ഇ.എം.ഡി |
| 2 | 89/52258 /15.09.2011 | M/s അശ്വതി സ്പൺ പൈപ്പ്സ് അരൂർ | 8750 | ഇ.എം.ഡി |
| 3 | 7/52260/15.09.2011 | ആർ.ഹരീഷ്, ഹരീഷ് ഭവൻ, ആര്യാട് | 3750 | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 4 | 11103100592/18.01.12 | M/s ഐ.റ്റി.പാർക്ക്, ആലപ്പുഴ | 2500 | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 5 | 11203101892/31.1.13 | ജോർജിയൻ ഫാർമ | 125 | ഇ.എം.ഡി |

| | | | | |
|---|---|---|---|---|
| 6 | 1120340006/31.1.13 | ജോർജിയൻ ഫാർമ | 750 | ഇ.എം.ഡി |
| 7 | 11203101896/31.1.13 | ഷിബു, ദ്വാരക, കഞ്ഞിപ്പാടം | 8250 | ഇ.എം.ഡി |
| 8 | 11203101902/31.1.13 | സ്മാർട്ട് ടെക്നോളജീസ് | 2750 | ഇ.എം.ഡി |
| 9 | 11203101905/31.1.13 | മധു വടയേക്കാട്ട്, കാവാലം | 1425 | ഇ.എം.ഡി |
| 10 | 11303100244/16.5.13 | സി.കെ.രാജു, ചേന്നാട്ട് | 5000 | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 11 | 11303100901/4.11.13 | വി.യു.മല്ലൻ, കുണ്ടേലാറ്റ് ഏജൻസീസ് | 300 | ഇ.എം.ഡി |
| 12 | 11303100909/4.11.13 | KICO-ബിസിനസ് കോർപ്പറേഷൻ | 300 | ഇ.എം.ഡി |
| 13 | 11303101949/10.3.14 | സ്മാർട്ട് ടെക്നോളജീസ്, എറണാകുളം | 1340 | ഇ.എം.ഡി |
| 14 | 11303101950/10.3.14 | സ്മാർട്ട് ടെക്നോളജീസ്, എറണാകുളം | 1000 | ഇ.എം.ഡി |
| 15 | 11303101956/10.3.14 | ആൽഫാനെറ്റ് സിസ്റ്റംസ് ചേർത്തല | 1340 | ഇ.എം.ഡി |
| 16 | 11303101957/10.3.14 | ആൽഫാനെറ്റ് സിസ്റ്റംസ് ചേർത്തല | 1000 | ഇ.എം.ഡി |
| 17 | 11303102066/15.3.14 | കെ.എസ്.സുരേഷ് കുമാർ, പുന്നയ്ക്കൽ | 250 | ഇ.എം.ഡി |
| 18 | 11303102294/26.3.14 | M/s ചേർത്തല ഡ്രഗ് ഹൗസ് | 500 | ഇ.എം.ഡി |
| 19 | 11303102301/26.3.14 | M/s ഇഷ മെഡിക്കൽസ്, ചേർത്തല | 500 | ഇ.എം.ഡി |
| | | ആകെ | 48580 | |

ഈ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നെൽകൃഷി വികസനം-സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

പ്രോജക്റ്റ് നം. 8, ബിൽ നം.6/12.3.17, അടങ്കൽ – 221500

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നെൽകൃഷി വികസനത്തിനായി തൻവർഷം നെൽവിത്ത് വാങ്ങുന്നതിനും, നെൽകൃഷി കൂലിചെലവിനുമായി 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗനിർദ്ദേശം പ്രകാരം ഇപ്രകാരം നെൽകൃഷി വികസനത്തിനായി പദ്ധതി ആവിഷ്കരിക്കുമ്പോൾ വിള ഇൻഷ്വറൻസ്, കർഷകരെ കൊണ്ട് എടുപ്പിക്കേണ്ടതും അടങ്കലിന്റെ 50%, ജില്ലാ പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. പ്രോജക്ട് നം.-S.0066/17

പ്രോജക്ടിന്റെ പേര് - പത്താം ക്ലാസ്സിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കൽ

അടങ്കൽ – 50,000 /-(വികസന ഫണ്ട് - എസ്.സി.പി)

ചെലവ് – 31,740/-

ബിൽ നം. 11/16-17/17.03.17 – 31,740

ഈ പദ്ധതി പ്രകാരം പത്താം ക്ലാസ്സിൽ പഠിക്കുന്ന 8 എസ്.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, അപേക്ഷകളോടൊപ്പം പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം നല്കിയിട്ടില്ല എന്ന സാക്ഷ്യപത്രം, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സൂക്ഷിച്ചിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം |
|---|---|
| 1 | നവ്യ രാധാകൃഷ്ണൻ, നിവർത്തിൽ |
| 2 | ശ്രീലക്ഷ്മി, കുറുപ്പശ്ശേരി നിവർത്തിൽ |
| 3 | പ്രഭുൽ അനിൽ കുമാർ, ചാലു നിവർത്തിൽ |
| 4 | ചിന്മയ.സി.ആർ, കുരുംപറമ്പ് |
| 5 | ഷിബിൻ രാജ്. സി.ആർ, തറയിൽ |
| 6 | ശ്രീലക്ഷ്മി, പുളുക്കി ലക്ഷം വീട് |
| 7 | ബീന രതകുമാർ, സന്നിധാനം |
| 8 | അരീഷ ബാബു, വേലിക്കെട്ടിൽ |

രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/28.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 31,740/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം. – S0076/17

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

വികസന ഫണ്ട് (എസ്.സി.പി.) - 4,68,171

ബിൽ നം. 02/16-17 - 75000/- 27.02.17

ബിൽ നം. 03/16-17 - 50,000/- 27.02.17

ബിൽ നം. 08/16-17 - 1,25,000/- 15.03.17

ബിൽ നം. 09/16-17 - 20,000/-15.03.17

ബിൽ നം. 16/16-17 - 1,25,000/- 30.03.17

ആകെ - 3,95,000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം എസ്.സി വിഭാഗത്തിലുള്ള 5 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ, അപേക്ഷകളോടൊപ്പം താഴെ പറയുന്ന രേഖകൾ ലഭ്യമല്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം | റിമാർക്സ് |
|---|---|---|
| 1 | സുമതി ചന്ദ്രൻ, (ശ്രീജേഷ് ചന്ദ്രൻ) ശ്രീരാഗം, കടക്കരപ്പള്ളി | പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം നല്കിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് |
| 2 | ബിന്ദു ജയകുമാർ, (അമല ജയകുമാർ) അമൽ ഭവൻ | |
| 3 | അനിൽകുമാർ, (അഞ്ജിത.എ.എസ്) ശ്രീകൃഷ്ണ നിവാസ് | |
| 4 | മിനി.കെ.പി, (മീര.എൻ.ആർ) അയ്യപ്പ നിവാസ്, തൈക്കൽ.പി.ഒ | പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം നല്കിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് |
| 5 | ബാബു,(ശ്രീലക്ഷ്മി.ബി)അഖിൽ നിവാസ് | |

രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/28.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 3,95,000/- ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

3. S.0065/16-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നല്കൽ

അടങ്കൽ - 60,000/- (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് - 60,000/-

ബിൽ നം. 10/16-17 -17.03.17 - 60,000

ഈ പദ്ധതി പ്രകാരം പത്താം ക്ലാസ്സിൽ പഠിക്കുന്ന 15 എസ്.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ജാതി തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം |
|---|---|
| 1 | കൃഷ്ണ .എസ്. ബാബു, നിവർത്തിൽ |
| 2 | ആദിത്യ മുരളി, കുറക്കാട് നികർത്ത് |
| 3 | ആദിത്യൻ.എസ്, കുറുപ്പം പറമ്പ് |
| 4 | സന്ദീപ്, കുറുപ്പംപറമ്പ് |
| 5 | അബിൻ.എം, കണ്ണേക്കാട് തറ |
| 6 | വിശാൽ സന്തോഷ്, കണ്ണന്തറ |
| 7 | അക്ഷയ് ബിജു.സി, കിഴക്കേകിളികോനാട് |
| 8 | സൂരജ്, കൊച്ചുചിറയിൽ |
| 9 | കാർത്തിക, അമ്പിളി നിലയം |
| 10 | സൂര്യ നാരായണൻ, കുറുപ്പംപറമ്പ് |

രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/28.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 40,000/- ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

4. S.0040/17 പട്ടികജാതി പെൺ കുട്ടികൾക്ക് വിവാഹ ധനസഹായം

അടങ്കൽ 3,00,000 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് 2,00,000

ബിൽ നം. 1/16-17 -27.11.16 - 1,00,000

5/16-17 -17.03.17 - 50,000

1/16-17 -17.03.17 - 50,000

ഈ പദ്ധതി പ്രകാരം 4 പേർക്കാണ് ആനുകൂല്യം നൽകിയത്. അപേക്ഷകൾ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടോപ്പം പട്ടിക ജാതി വികസന ഓഫീസിൽ നിന്നും ഈയിനത്തിൽ സഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപ്പത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം |
|---|---|
| 1 | ചന്ദ്രശേഖരൻ, പടിയത്തുവെളി, കടക്കരപ്പള്ളി<br>(രേഖ.സി) |
| 2 | ശശീന്ദ്രൻ, നെടുംചിറയിൽ, കടക്കരപ്പള്ളി<br>(നീതു.റ്റി) |
| 3 | ചന്ദ്രബാബു, കളത്തിൽ, കടക്കരപ്പള്ളി<br>(ഹണി ചന്ദ്രബാബു) |
| 4 | പത്മാക്ഷി ബാലചന്ദ്രൻ, നികർത്തിൽ, കടക്കരപ്പള്ളി<br>(രേഷ്മ.എൻ) |

തടസ്സപ്പെടുത്തിയ തുക- 2,00,000/- രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/28.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2,00,000/- ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

## 3-3 ഭവന പുനരുദ്ധാരണം പദ്ധതി

വി.ഇ.ഒ, കടക്കരപ്പള്ളി, നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം പദ്ധതി പ്രകാരം ആനുകൂല്യം നല്കിയവരുടെ ഫയൽ പരിശോധിച്ചതിൽ, അപേക്ഷകളോടൊപ്പം ഭവന പുനരുദ്ധാരണത്തിന്റെ എസ്റ്റിമേറ്റ് (ഓവർസിയർ സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

I.S.0038/17

പ്രോജക്ടിന്റെ പേര് - അഗതി - ആശ്രയ ഭവനപുനരുദ്ധാരണം

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ, കടക്കരപ്പള്ളി

അടങ്കൽ - 1,00,000 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് -1,00,000

ബിൽ നം. - 14/16-17 തീയതി -30.03.17 തുക-1,00,000

| ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|
| വനജാക്ഷി, മത്തേപറമ്പിൽ, കടക്കരപ്പള്ളി | 25,000 |
| ശാന്തമ്മ, കല്ലുപുരയ്ക്കൽ, കടക്കരപ്പള്ളി | 25,000 |
| രാധമ്മ, കൊച്ചിനിക്കാട്, കടക്കരപ്പള്ളി | 25,000 |

| | |
|---|---|
| പങ്കജം, കൊച്ചുപ്പറമ്പ്, കടക്കരപ്പള്ളി | 25,000 |

അംഗീകൃത എസ്റ്റിമേറ്റാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/31.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ചെലവ് തുക (1,00,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ, തങ്കി നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം പദ്ധതി (എസ്.സി) പ്രകാരം ആനുകൂല്യം നൽകിയവരുടെ ഫയൽ പരിശോധിച്ചതിൽ ഭവനപുനരുദ്ധാരണത്തിന്റെ എസ്റ്റിമേറ്റ് (ഓവർസിയർ സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

II.പ്രോജക്റ്റ് നം.- S.0042/17

പ്രോജക്ടിന്റെ പേര് - എസ്.സി ഭവന പുനരുദ്ധാരണം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ, തങ്കി

അടങ്കൽ - 2,00,000 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് - 1,10,000

ബിൽ നം. – 04/16-17/23.02.17 - 10,000

06/16-17/15.03.17 – 20,000

12/16-17/27.03.17 – 20,000

13/16-17/27.03.17 – 10,000

14/16-17/28.03.17 – 20,000

17/16-17/30.03.17 – 30,000

| ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|
| വിജയമ്മ രാജപ്പൻ, പാല്യത്തുകരിയിൽ, കടക്കരപ്പള്ളി | 25,000 |
| സന്ധ്യാ കുമാരി, തറയിൽ വീട്, കടക്കരപ്പള്ളി | 25,000 |
| വിജയമ്മ.റ്റി.സി, നിവർത്തിൽ, കടക്കരപ്പള്ളി | 10,000 |
| രാധാമണി, നികർത്തിൽ, കടക്കരപ്പള്ളി | 10,000 |
| ശിവദാസൻ, കൊച്ചുപറമ്പ് ,കടക്കരപ്പള്ളി | 10,000 |
| മധു,രേഷ്മാലയം, കടക്കരപ്പള്ളി | 10,000 |
| ചന്ദ്രിക, പാല്യത്തുകരിയിൽ, കടക്കരപ്പള്ളി | 10,000 |
| ചന്ദ്രമതി രവീന്ദ്രൻ, തോട്ടുവേലിൽ | 10,000 |
| ആകെ | 110000 |

അംഗീകൃത എസ്റ്റിമേറ്റാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/28.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (1,10,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

വിവിധ പ്രോജക്ടുകളിലായി മരുന്ന് വാങ്ങൽ നടത്തിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതിന് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സപ്പെടുത്തുന്ന തുക | ചെലവിന്റെ വിശദാംശം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 97 | ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 50000 | ട്രഷറി ബിൽ നം.2 തീയതി.8.3.17 | കെ.എം.എസ്.സി. |
| 2 | 44 | സമഗ്ര ആരോഗ്യ പരിപാലനം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 150000 | ട്രഷറി ബിൽ നം2./ 25.11.16 | ഔഷധി . |
| | 45 | ആയുർവേദ ആശുപത്രിക്ക് മരുന്ന് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 169608 (ആകെ ചെലവഴിച്ച 500000/-രൂപയിൽ 330392/-രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട് | ട്രഷറി ബിൽ 1/16-17 നം.തീയതി.25.11.16 | ഔഷധി |
| | 46 | സമഗ്ര ആരോഗ്യ പരിപാലനം(എസ്.സി.) | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 100000 | ട്രഷറി ബിൽ നം.3 തീയതി.25.11.16 | ഔഷധി |
| | 78 | സമഗ്ര ആരോഗ്യ പരിപാലനം(ഹോമിയോ) | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 100000 | 5/16-17 തീയതി.25.11.16 | ഹോംകോ |
| | 94 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 250000 | 4/16-17 തീയതി.25.11.16 | ഹോംകോ |
| | | ആകെ | | 819608 | | |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

പ്രോജക്ട് നം 5/17, ബിൽ നം.11/16-17 തീയതി.22.10.16

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി 94 ദിവസം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തിയതിൽ ഓരോ ദിവസത്തേക്കും 350 രൂപ നിരക്കിൽ 32900/- രൂപ, പ്യാരിലാൽ, ചോതറ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇയാളെ എങ്ങനെ തിരഞ്ഞെടുത്തു എന്നോ, ഏതെല്ലാം സ്ഥലങ്ങളിൽ മെയിന്റനൻസ് നടത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ട തുക ട്രഷറിയുടെ വീഴ്ച മൂലം ഒടുക്കിയിട്ടില്ല

(ബിൽ നം.29/ തീയതി.16.3.17 )

വാട്ടർ അതോറിറ്റിയുടെ 7.3.17 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 119438/- രൂപയുടെ ബിൽ, ട്രഷറിയിൽ സബ്മിറ്റ് ചെയ്യുകയും ബിൽ തുക ട്രഷറി ബിൽ ബുക്ക് പ്രകാരം പാസ്സാകുകയും ചെയ്തിട്ടുണ്ട്. ഫയലിൽ നിന്നും ലഭ്യമായ ട്രഷറി വകുപ്പ് ഡയറക്ടറുടെ 9.5.17 ലെ 756/17-ാം നം.കത്ത് പ്രകാരം, ഈ തുക യഥാർത്ഥത്തിൽ ട്രഷറിയിൽ നിന്നും, സിസ്റ്റത്തിന്റെ തകരാർ മൂലം പാസ്സായിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു. വാട്ടർ അതോറിറ്റിയിൽ ഈ തുക ലഭിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൈപ്പറ്റ് രസീതും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച അപാകത പരിഹരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഒന്നാം വാർഡിൽ ഓട നിർമാണം-ന്യൂനതകൾ സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 3/17<br>113/16 (2015-16) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | എ.ജി.ആന്റണി |
| എഗ്രിമെന്റ് നം. | *22/AE/LSGD/KDPLY തീയതി.22.01.2016* |
| അടങ്കൽ:<br>ലോക ബാങ്ക് ധനസഹായം | 8,01,285/- രൂപ (2016-17)<br>11,24,000/- രൂപ (2015-16) |
| പി.എ.സി | 11,23,118/- രൂപ |
| എഗ്രീഡ് പി.എ.സി (പി.എ.സി.യെക്കാൾ 2% കുറവ്) | 11,00,656/- രൂപ |
| ആകെ വേല മൂല്യം | 10,83,937/- |
| ചെലവ് (ഒന്നാം പാർട്ട് ബിൽ) | 322715/- (2015-16) |
| ഫൈനൽ ബിൽ | 739543/-രൂപ<br>ട്രഷറി ബിൽ നം.2 തീയതി.17.10.2016 |
| എം.ബുക്ക് നം. | 463/15-16 |

എ).സെലക്ഷൻ നോട്ടീസിൽ തിരുത്തൽ വരുത്തി പഞ്ചായത്തിന് ലഭ്യമാകേണ്ട ഫൈൻ നഷ്ടപ്പെടുത്തി

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ഓട നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി ഇ-ടെണ്ടർ ചെയ്തതിൽ രണ്ട് കരാറുകാർ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ.എ.ജി.ആന്റണിയുടെ ടെണ്ടർ 23.12.2015-ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ 7(4)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ നം.04/AE/LSGD/KDPLY തീയതി. 05.01.2016 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസിൽ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ അതായത് 19.01.2016 തീയതിക്കുള്ളിൽ കരാർ ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം 1% പിഴ ഈടാക്കി കൊണ്ട് 27.01.2016 തീയതി വരെ കരാർ വയ്ക്കാമെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ

പിന്നീട് നോട്ടീസിൽ 19 എന്ന് രേഖപ്പെടുത്തിയിരുന്നതിന് മുകളിൽ മറ്റൊരു നിറത്തിലുള്ള മഷി ഉപയോഗിച്ച് 22 എന്നാക്കി തിരുത്തിയിരിക്കുന്നു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. അതിനു ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. ഈ പ്രവർത്തിയുടെ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.എ.ജി.ആന്റണി 19.01.2016 തീയതിക്കുള്ളിൽ കരാർ ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതായിരുന്നു. എന്നാൽ ഇദ്ദേഹം കരാർ വച്ചിരിക്കുന്നത് 22.01.2016-ലാണ് (എഗ്രിമെന്റ് നം.*22/AE/LSGD/KDPLY തീ. 22.01.2016). കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% പിഴ (11007/- രൂപ) ഈടാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയതായി കാണുന്നില്ല.* കരാറുകാരനിൽ നിന്നും ഫൈൻ വാങ്ങുന്നത് ഒഴിവാക്കാൻ കരാറുകാരൻ കരാർ വച്ച തീയതി സെലക്ഷൻ നോട്ടീസിൽ തിരുത്തി എഴുതി ചേർക്കുകയാണുണ്ടായത്. രേഖകളിൽ കൃത്രിമം നടത്തി കരാറുകാരന് അനർഹമായ സാമ്പത്തിക ലാഭം നേടിക്കൊടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈ തുക (11007/- രൂപ) ഈടാക്കേണ്ടതാണ്.

ബി).യഥാസമയം പ്രവർത്തി പൂർത്തീകരിച്ചില്ല

2015-16 ൽ ആരംഭിച്ച ഈ പ്രവൃത്തി AOC Summary (Award of Contract) പ്രകാരം 129 ദിവസമാണ് പൂർത്തീകരിക്കുന്നതിന് അനുവദിച്ചിരിക്കുന്നത്. അതായത് എഗ്രിമെന്റ് തീയതിയായ 22.01.2016-ൽ തുടങ്ങി 29.05.2016-ൽ ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. എന്നാൽ 14.07.2016 (എം.ബുക്ക് പേജ് നം.34-ൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി.) ൽ മാത്രമാണ് ഈ പ്രവർത്തി പൂർത്തീകരിച്ചത്.

2012 – ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് {30.05.2016മുതൽ 14.07.2016 വരെ, 6.57ആഴ്ച (46 ദിവസം)} സെക്ഷൻ 2116.1 അനുസരിച്ച് PAC (11,00,656/-) യുടെ .657% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ ഇനത്തിൽ യാതൊരു തുകയും ഈടാക്കിയില്ല. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം 7231/- രൂപയുടെ നഷ്ടമുണ്ടായി.

| | | |
|---|---|---|
| അംഗീകൃത PAC | : | 11,00,656/- രൂപ |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | : | 11,00,656X.657%= 7231/- |

തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

[മേൽ ന്യൂനതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി28.07.2017) മറുപടി ലഭ്യമാക്കിയില്ല.]

## 3-8 മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്യാത്തത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് നൽകിയിരിക്കുന്നത്. കൂടാതെ കൺവീനർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വില ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തറമൂട് ഉദയകാട് റോഡ് റീ-ടാറിംഗ്

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 72/17 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനറുടെ പേര് | : | ഗംഗപ്രസാദ് |
| എഗ്രിമെന്റ് നം. | : | *18/AE/LSGD/KDPLYതീയതി. 29.12.2016* |
| അടങ്കൽ:<br>മെയിന്റനൻസ് ഗ്രാന്റ് -റോഡ് | : | 2,70,000/- രൂപ |
| ചെലവ് | | 2,59,675/-(ട്രഷറിബിൽ നം.17തീ.28.03.17) |
| എം.ബുക്ക് നം. | : | 432/15-16 |
| ആകെ വേല മൂല്യം (ഓവർഹെഡ് ചാർജ് കുറച്ചതിനു ശേഷം) | : | 2,59,675/-രൂപ |
| ഉപയോഗിച്ച ടാറിന്റെ അളവ് | : | 2627 കി.ഗ്രാം (16 ബാരൽ) |
| ടാർ വാങ്ങിയതിന്റെ വിവരം | : | 1.ഇൻവോയ്സ് നം.RMDVN/8B/0618 തീയതി.14.02.2017 (15 ബാരൽ)<br>2.ഇൻവോയ്സ് നം.RMDVN/8B/0619 തീയതി14.02.2017 (1 ബാരൽ) |
| ഈടാക്കേണ്ടിയിരുന്ന ബാരൽ വില | | 4000/-രൂപ (16x250) |

മേൽ പ്രവർത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 4000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി.28.07.2017) മറുപടി ലഭ്യമാക്കിയില്ല.]

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീറ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 4677291/- |
| വരവ് | : | 45089878/- |
| ആകെ | : | 49767169/- |
| ചെലവ് | : | 41401192/- |
| നീക്കിയിരിപ്പ് | : | 8365977/- |

എ). നീക്കിയിരിപ്പ് തുക താഴെപ്പറയുന്ന കാരണങ്ങളാൽ തെറ്റാണെന്ന് കാണുന്നു.

1.2016-17 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിൽ ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് (നം.4022/10/09/000003) വേണ്ടിയുള്ള ബാങ്ക് ബുക്ക് ബാലൻസ് തുകയായി 265852/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ അക്കൗണ്ട് 24.04.2017-ലാണ് ആരംഭിച്ചിട്ടുള്ളത്. ബാങ്ക് ബുക്കിൽ 31.03.2017-ൽ 265852/- (20,000+245852) രൂപയുടെ വരവ് തെറ്റായി രേഖപ്പെടുത്തിയതു മൂലമാണ് ഇപ്രകാരം ഒരു പിശക് സംഭവിച്ചിരിക്കുന്നത്.

2.ജോയന്റ് വെഞ്ച്വർ പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി ചേർത്തല സബ് ട്രഷറിയിൽ ഒരു ടി.എസ്.ബി അക്കൗണ്ട് (നം.1076) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിന് വേണ്ടിയുള്ള ബാങ്ക് ബുക്ക് 2016-17-ൽ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അക്കൗണ്ട് പ്രകാരം വന്ന വരവ് ചെലവുകളുടെ വിവരം നിലവിൽ പ്രവർത്തനമില്ലാത്ത ട്രഷറി വി.പി.എഫ്-1 അക്കൗണ്ടിനായുള്ള ബാങ്ക് ബുക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. 30.03.2017-ൽ ജില്ലാപഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടിനായി ചേർത്തല സബ് ട്രഷറി ടി.എസ്.ബി അക്കൗണ്ടിലേക്ക് (നം.1076) ട്രാൻസ്ഫർ ചെയ്ത് ലഭിച്ച 1,00,000/- രൂപ 2016-17 വാർഷിക കണക്കിൽ വരവ് വെച്ചിട്ടില്ല.

4.ഡി.സി.ബി ചേർത്തല തനത് ഫണ്ട് അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള 20,000/- രൂപയുടെ അൺകാഷ്ഡ് ചെക്ക് (നം.145110 തീ. 31.03.2017) ഈ അക്കൗണ്ടിലേതല്ല. പ്രസ്തുത ചെക്ക് ഫെഡറൽ ബാങ്കിൽ ആരംഭിച്ചിട്ടുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലേതാണ്.

ബി). രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.

രസീത് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തൻവർഷ കളക്ഷൻ തുകയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളും തമ്മിൽ താഴെപ്പറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ കാണുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | അടിസ്ഥാന രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| Receivable for service cess on Residential & Non Residential Buildings (Current) (RP-43) | 45933+11299 | 55163 |
| Receivable for service cess on Residential & Non Residential Buildings (Arrear) (RP-43) | 59311+20209 | 73569 |

| | | |
|---|---|---|
| Government and other dues payable-Library Cess (RP-36) | 131824 | 128732 |
| Suppliers Security Deposit (P-34 Receipt side) | 68145 | 68545 |
| Suppliers Security Deposit (RP-34 Payment side) | 37200 | 37600 |
| Bidders earnest money Deposit (P-34 Receipt side) | 0 | 250 |
| Bidders earnest money Deposit (RP-34 Payment side) | 0 | 250 |

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 113466829 |
| (-) ചെലവ് | : | 119895801 |
| (-)പ്രയർ പീരീഡ് ഐറ്റം | : | 629129 |
| ഡെഫിസിറ്റ് | : | 5799843 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Service cess on property tax ഇനത്തിലുള്ള ഡിമാന്റ് തുക -129176/- രൂപയാണ്.

എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡിമാന്റ് തുക 171682/- രൂപയാണ്.

2.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ തൻവർഷത്തെ ആകെ ചെലവ് 6,17,44,439/- രൂപയാണെന്ന് കാണുന്നു. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 5,63,56,000/- രൂപയാണ്.
3.ട്രഷറി ബിൽ ബുക്ക് പ്രകാരം പാസാക്കിയതായും ചെലവഴിക്കപ്പെട്ടതായും രേഖപ്പെടുത്തിയിട്ടുള്ള 119438/- (ട്രഷറി ബിൽ നം.29 തീ.16.03.2017) രൂപ യഥാർത്ഥത്തിൽ ട്രഷറിയിൽ നിന്നും പാസാക്കിയിട്ടില്ലാത്തതായി ട്രഷറിയിൽ നിന്നും അറിയിച്ചിട്ടുണ്ട് (ട്രഷറി ഡയറക്ടറുടെ 09.05.2017-ലെ 756/17 നം. കത്ത്). ഈ തുക ഗ്രാമ പഞ്ചായത്തിന്റെ വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

III.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 32010642.25 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 42980642.35 |
| പഞ്ചായത്ത് ഫണ്ട് | (-)10970000.10 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.4 പ്രകാരം സ്പെസിഫിക് പർപ്പസ് ഗ്രാന്റിനത്തിൽ കാണിച്ചിട്ടുള്ള ബാധ്യത തുകയ്ക്ക് തത്തുല്യമായ തുക ബാങ്ക് അക്കൗണ്ടിൽ (ഷെഡ്യൂൾ ബി-17) ബാലൻസുള്ളതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ബാധ്യത | ഷെഡ്യൂൾ ബി-17 പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എ | 480297 | 27235 |
| സാക്ഷരത ഗ്രാന്റ് | 24479 | 15729 |

2.വസ്തു നികുതി ഇനത്തിൽ 2016-17-ൽ ലഭിക്കാനുള്ള കുടിശ്ശിക തുകയുടെ ഡിമാന്റ് വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെ യറും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | അടിസ്ഥാന രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| വസ്തുനികുതി അരിയർ | 2460332/- {1841078 (2015-16 B-15) +619254 (I-18)} | 2379582/- |

വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 680630 | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | 680630 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 48237 | അനുപൂരകപോഷകാഹാരം | 00 | 48237 |
| ജില്ലാപഞ്ചായത്ത് | 2016-17 | 1500000 | ആശ്രയപദ്ധതി | 1500000 | 00 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | | 1280630 | 0 | 1280630 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2012-13 | 4 | ലേബർ ബജറ്റും വാർഷിക കർമ്മ പരിപാടിയും | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45089878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41401192 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1729248 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 31,740 | ബിജുമോൾ.ആർ, വി.ഇ.ഒ തങ്കി സർക്കിൾ |
| 3-2(2) | 3,95,000 | ബിജുമോൾ.ആർ, വി.ഇ.ഒ തങ്കി സർക്കിൾ |
| 3-2(3) | 40,000 | ബിജുമോൾ.ആർ, വി.ഇ.ഒ തങ്കി സർക്കിൾ |
| 3-2(4) | 2,00,000 | ബിജുമോൾ.ആർ, വി.ഇ.ഒ തങ്കി സർക്കിൾ |
| 3-3(1) | 1,00,000 | നിഷ,വി.ഇ.ഒ കടക്കരപ്പള്ളി സർക്കിൾ |
| 3-3(2) | 1,10,000 | ബിജുമോൾ.ആർ, വി.ഇ.ഒ തങ്കി സർക്കിൾ |
| 3-4(1) | 50,000 | അഖില ബി ജയചന്ദ്രൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4(2) | 7,69,608 | റജീന, മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) |
| 3-5 | 32,900 | ബി.എൻ.അംബീശൻ, സെക്രട്ടറി |
| ആകെ | 1729248 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.എൻ.അംബീശൻ, സെക്രട്ടറി | സെക്രട്ടറി ,കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ബംഗ്ലാവുപറമ്പിൽ, ആറാട്ടുവഴി, വാർഡ് ആലപ്പുഴ.7 |
| ബിജുമോൾ.ആർ, വി.ഇ.ഒ തങ്കി സർക്കിൾ | വി.ഇ.ഒ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | ജയനിവാസ്<br>നോർത്ത് പാട്ടത്തിൽമഠം<br>കടക്കരപ്പള്ളി |
| നിഷ,വി.ഇ.ഒ കടക്കരപ്പള്ളി സർക്കിൾ | വി.ഇ.ഒ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | കാരിയ്ക്കശ്ശേരിൽ<br>തൈയ്ക്കൽ.പി.ഒ |
| അഖില ബി ജയചന്ദ്രൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), കടക്കരപ്പള്ളി | കേശവവിലാസം ഗീതം, സി.എം.സി-3 ചേർത്തല.പി.ഒ |
| റജീന, മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | മെഡിക്കൽ ഓഫീസർ, ഗവ. ആയൂർവ്വേദ ഹോസ്പിറ്റൽ | വേലിക്കെട്ടിൽ<br>കടക്കരപ്പള്ളി.പി.ഒ<br>ചേർത്തല |
| ഹരിഹരൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി | കുറവൻചിറ<br>കടക്കരപ്പള്ളി.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ് .ജി.എ 5-1832/11/ 16-01-12 |
| 1997-98 | എൽ. എഫ്.ജി.എ 5 -1832/11/16-01-12 |
| 2001-02 | എൽ. എഫ് .ജി എ 5-1832/11/ 16.1.2012 |
| 2006-07, 07-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/ 11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/ 11.4.2012 |
| 2010-11 | എൽഎഫ്എ പി2-550/2011/17.12.2012/ 31.1.2012 |
| 2011-12 | എൽഎഫ്എ പി2-1400/2012/ 14.12.2012/ 8.1.2013 |
| 2012-13 | എൽഎഫ്എ പി11-1841/2014/20.1.2015/ 3.3.2015 |
| 2013-14 | എൽ.എഫ്.എ-പി11-680/15, 15.07.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11/837/16, 30-7-2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി11/1175/16, 1-11-2016/2-12-2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി-പി.11/1034/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,

ആലപ്പുഴ.

തീയതി.05.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P11-1034/17

Kerala State Audit Department,

District Audit Office,

Alappuzha.

Date:05.08.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kadakkarappally Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Kadakkarappally Grama panchayat for the year 2016-17 except the observations in my audit report para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha